# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 377

02-12-2014ൽ മറുപടിക്ക്

## വൈദ്യുതി രംഗത്ത് സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധന നടപ്പിലാക്കിയിട്ടുണ്ട്; ഓരോവിഭാഗത്തിലും വരുത്തിയ വർദ്ധനവ് എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ; | (എ) മൂന്ന് പ്രാവശ്യം അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മെയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16- ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നടപ്പിലാക്കിയ താരിഫ് വർദ്ധനവിന്റെ വിശദാംശങ്ങൾ പട്ടിക-1 ൽ കൊടുത്തിരിക്കുന്നു. എന്നാൽ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും 2012 ജൂലൈ ഒന്ന് മുതൽ കമ്മീഷൻ നടപ്പിലാക്കിയ താരിഫ് വർദ്ധനവിൽ നിന്നും ഗവൺമെന്റ് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ; സംസ്ഥാനത്ത് പ്രതിദിനം എത്ര വൈദ്യുതി ഉല്പാദിപ്പിക്കുന്നു; കേന്ദ്ര പൂളിൽ നിന്നും എത്ര വൈദ്യുതി ലഭിക്കുന്നു ; സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത് എത്ര വീതമാണ്; അധികമായി വൈദ്യുതി | (ബി) 2014 നവംബർ മാസത്തെ 25.11.2014 വരെയുള്ള ശരാശരി കണക്കു പ്രകാരമുള്ള വിവരങ്ങൾ താഴെചേർക്കുന്നു.<br><br>പ്രതിദിന ഉപഭോഗം: 59.34 ദശലക്ഷം യൂണിറ്റ്<br>ആഭ്യന്തര ഉൽപ്പാദനം (KSEBL): 19.85 ദശലക്ഷം യൂണിറ്റ് |

<table>
<tr>
<td>എടുക്കുമ്പോൾ എത്ര തുകയാണ് ചെലവഴിക്കേണ്ടി വരുന്നത്;</td>
<td>
<table>
<tr><td>ആഭ്യന്തര ഉൽപ്പാദനം (സ്വകാര്യ ഉൽപ്പാദകർ)</td><td>5.51 ദശലക്ഷം യൂണിറ്റ്</td></tr>
<tr><td>കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി</td><td>26.00 ദശലക്ഷം യൂണിറ്റ്</td></tr>
<tr><td>പവർ എക്സ്ചേഞ്ച് അടക്കമുള്ള മറ്റ് ഹ്രസ്വകാല വൈദ്യുതി</td><td>7.98 ദശലക്ഷം യൂണിറ്റ്</td></tr>
</table>
<br>
കേന്ദ്രപൂളിൽ നിന്നും ശരാശരി 1315 മെഗാവാട്ടോളം വൈദ്യുതിയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. കൂടാതെ അധികമായി വേണ്ടിവരുന്ന വൈദ്യുതി പവർ എക്സ്ചേഞ്ചുകളിൽ നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നും കൂടിയ നിരക്കിൽ വാങ്ങിയാണ് സംസ്ഥാനത്തെ ഊർജ്ജാവശ്യകത നിറവേറ്റുന്നത്. പവർ എക്സ്ചേഞ്ചിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് ഇപ്പോൾ ഏഴ് മുതൽ പത്തു രൂപയും വൈദ്യുതി വ്യാപാരികളിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് ഏകദേശം അഞ്ച് രൂപ 80 പൈസയുമാണ് വില.
</td>
</tr>
<tr>
<td>(സി) വൈദ്യുതി രംഗത്ത് സ്വയം പര്യാപ്തത നേടാൻ എത്ര മെഗാവാട്ട് വൈദ്യുതി കൂടി നാം ഉൽപ്പാദിപ്പിക്കേണ്ടതുണ്ട് എന്നു വ്യക്തമാക്കാമോ ;</td>
<td>(സി) സംസ്ഥാനത്തിന്റെ മൊത്തം വൈദ്യുതി ആവശ്യകത തന്നാണ്ടിൽ 4137 MW ആണ്. ആഭ്യന്തര ഉൽപ്പാദനത്തിലൂടെ പരമാവധി ലഭ്യമാവുന്നത് 2824.58 MW ആണ്. അതായത് ലഭ്യതയുടേയും ആവശ്യകതയുടേയും അന്തരം ഇപ്പോൾ തന്നെ 1312.42 MW ആണ്. 2022 വർഷാന്ത്യത്തിൽ ആവശ്യകത 6093 MW ആയി ഉയരും. മൊത്തം ആവശ്യകതയും ആഭ്യന്തര ഉൽപ്പാദനത്തിലൂടെയാണ് നിറവേറ്റേണ്ടതെങ്കിൽ 3268.42 MW അധികമായി ഉണ്ടാക്കിയെടുക്കണം എന്നാണ് ഇതിനർത്ഥം. മേൽപ്പറഞ്ഞ 3268.42 MW ലഭ്യമാകണമെങ്കിൽ അതിലും ഉയർന്ന സ്ഥാപിതശേഷിയാണ് വേണ്ടിവരിക. സ്രോതസ്</td>
</tr>
</table>

| | |
|---|---|
| | ഏതെന്നതിനെ ആശ്രയിച്ച് വേണ്ടിവരുന്ന സ്ഥാപിതശേഷി വ്യത്യാസപ്പെട്ടിരിക്കും. |
| (ഡി) ജല വൈദ്യുത പദ്ധതികളടക്കം, ഊർജ്ജോൽപ്പാദനത്തിനായി പരിഗണിക്കുന്ന മറ്റ് പദ്ധതികൾ ഏതൊക്കെ; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) ഊർജ്ജോൽപ്പാദനത്തിനായി പരിഗണിക്കേണ്ട ജലവൈദ്യുത പദ്ധതികൾക്കായി ഒരു കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം താഴെപ്പറയുന്ന 12 ചെറുകിട ജല വൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്നു. |

| | | |
|---|---|---|
| 1 | അപ്പർ കല്ലാർ | 2 MW |
| 2 | ചിന്നാർ | 24 MW |
| 3 | പീച്ചാട് | 3 MW |
| 4 | വെസ്റ്റേൺ കല്ലാർ | 5 MW |
| 5 | പെരുവണ്ണാമൂഴി | 6 MW |
| 6 | പഴശ്ശിസാഗർ | 15 MW |
| 7 | മാർമ്മല | 7 MW |
| 8 | മരിപ്പുഴ | 6 MW |
| 9 | ഒലിക്കൽ | 5 MW |
| 10 | പൂവാരംതോട് | 3 MW |
| 11 | ചെമ്പുക്കടവ് - III | 7.5 MW |
| 12 | അപ്പർ ചെങ്കുളം | 24 MW |
| | **ആകെ** | **107.5 MW** |

കൂടാതെ 54.25 MW സ്ഥാപിതശേഷിയുള്ള 11 പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് മെയ് 2015 ന് മുൻപ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതുകൂടാതെ 61.25 MW ന്റെ 10 പുതിയ പദ്ധതികൾ അടുത്ത രണ്ടു വർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കാൻ വേണ്ടി കണ്ടെത്തിയിട്ടുണ്ട്.

ഇപ്പോൾസർക്കാരിന്റെ പരിഗണനയിലുള്ളതും ആരംഭിച്ച നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ മറ്റ്

| | |
|---|---|
| | സ്രോതസ്സുകൾ മുഖേനയുള്ള ഊർജ്ജോല്പാദന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

U.S.Q. No. 377

പട്ടിക - I

| താരിഫ് വിഭാഗം | 2011-12 ലെ ശരാശരി താരിഫ് (രൂപ /യൂണിറ്റ്) | 2012-13 ലെ വർദ്ധനവിനു ശേഷമുള്ള ശരാശരി താരിഫ് (രൂപ /യൂണിറ്റ്) | 2013-14 ലെ വർദ്ധനവിനു ശേഷമുള്ള ശരാശരി താരിഫ് (രൂപ /യൂണിറ്റ്) | 2014-15 ലെ വർദ്ധനവിനു ശേഷമുള്ളലെ ശരാശരി താരിഫ് (രൂപ /യൂണിറ്റ്) | 2012-13 ലെ വർദ്ധനവ് ശതമാനത്തിൽ | 2013-14 ലെ വർദ്ധനവ് ശതമാനത്തിൽ | 2014-15 ലെ വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|---|---|---|---|
| ഗാർഹികം- എൽ ടി I&II | 2.00 | 2.81 | 3.08 | 3.76 | 40.70 | 9.70 | 21.90 |
| എൽ ടി IV - ചെറുകിട വ്യവസായങ്ങൾ | 4.04 | 5.15 | 5.58 | 5.96 | 27.40 | 8.40 | 6.80 |
| എൽ ടി V - കാർഷികം | 0.92 | 1.77 | 1.84 | 2.39 | 91.90 | 3.70 | 30.00 |
| എൽ ടി VII- വാണിജ്യം | 7.32 | 7.95 | 8.15 | 8.72 | 8.50 | 2.50 | 7.00 |
| എൽ ടി VIII- തെരുവു വിളക്കുകൾ | 2.12 | 2.75 | 3.00 | 3.60 | 29.80 | 9.10 | 20.00 |
| എച്ച്.ടി I- വൻകിട വ്യവസായങ്ങൾ | 4.12 | 5.21 | 5.70 | 6.18 | 26.60 | 9.40 | 8.30 |
| എച്ച്.ടി III - കാർഷികം | 3.12 | 4.58 | 4.67 | 5.50 | 46.70 | 2.00 | 17.90 |
| എച്ച്.ടി IV- വാണിജ്യം | 4.94 | 7.85 | 8.39 | 9.26 | 58.80 | 6.90 | 10.40 |
| ഇഎച്ച്.ടി - 66 കെ.വി | 3.77 | 4.97 | 5.35 | 5.94 | 31.9 | 7.5 | 11 |
| ഇഎച്ച്.ടി - 110 കെ.വി | 3.49 | 4.70 | 5.15 | 5.54 | 34.60 | 9.60 | 7.50 |
| റയിൽവേ ട്രാക്ഷൻ | 3.98 | 5.10 | 5.57 | 5.75 | 28.20 | 9.20 | 3.20 |
| ബൾക്ക് സപ്ലൈ ഒഴികെ | 3.37 | 4.37 | 4.72 | 4.99 | 29.5 | 7.9 | 5.7 |

സെക്ഷൻ ഓഫീസർ.

**അനുബന്ധം -1**

**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കുന്ന കാറ്റാടി & സോളാർ പദ്ധതി പദ്ധതികൾ**

(1) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ അനുയോജ്യമായവയിൽ മൊത്തം 1.35 മെഗാവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(2) കഞ്ചിക്കോട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(3) പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ മൊത്തം 96 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(4) പൊരിങ്ങൽ പവർഹൌസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ 50 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(5) കമ്പാല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ 40 കിലോവാട്ട് ശേഷിയുള്ള പോൾ മൌണ്ടട് ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.

(6) തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ 134.56 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റ് (stage -1) സ്ഥാപിക്കൽ.

(7) RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി മൊത്തം 0.1315 മെഗാവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ.

(8) ബ്രഹ്മപുരത്ത് ഡീസൽ വൈദ്യുത നിലയത്തിലെ കേടായ രണ്ട് ഡീസൽ എഞ്ചിൻ ജനറേറ്റർ സെറ്റുകൾ മാറ്റി പുതിയ പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 36 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഗ്യാസ് എഞ്ചിൻ ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

**മറ്റ് ഏജൻസികൾ വഴി നടപ്പാക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ**

(9) പാലക്കാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന 3 മെഗാവാട്ട് ശേഷിയുള്ള മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി.

(10) Inox Renewable Energy Limited കഞ്ചിക്കോടുള്ള കിൻഫ്രയുടെ സ്ഥലത്ത് സ്ഥാപിക്കുന്ന 22 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി.

(11) എൻ.എച്ച്.പി.സി പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി.

(12) എൻ.എച്ച്.പി.സി വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന 50 മെഗാവാട്ടിന്റെ സോളാർ പദ്ധതി.

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

## സംസ്ഥാനത്ത് നടപ്പാക്കാൻ ലക്ഷ്യമിടുന്ന താപവൈദ്യുത പദ്ധതികൾ

(1) ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തോട് അനുബന്ധമായി പ്രകൃതി വാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 400 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട്.

(2) കൊച്ചിൻ റിഫൈനറിയുടെ ആധുനികവത്ക്കരണ-വികസന പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന പെറ്റ്കോക്ക് ഉപയോഗിച്ച് കൊച്ചിയില് നിർമ്മിക്കാനുദ്ദേശിക്കുന്ന ഏകദേശം 500 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയം.

(3) പുതുവൈപ്പിനിൽ പെട്രോനെറ്റ് എൽ.എൻ.ജി പദ്ധതിയുടെ സമീപത്തായി 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പ്രകൃതിവാതകം ഉപയോഗിച്ചുള്ള കമ്പൈൻഡ് സൈക്കിൾ പവര് പ്രോജക്ട്സ്.

(4) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഉദ്ദേശം 1200 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുത നിലയം സ്ഥാപിക്കാനുള്ള പദ്ധതി

(5) എൻ.റ്റി.പി.സി.യുടെ കായംകുളം നിലയത്തിൽ 1050 മെഗാവാട്ട് ശേഷിയുള്ള വാതകാധിഷ്ഠിത വിപുലീകരണ പദ്ധതി

സെക്ഷൻ ഓഫീസർ